# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ .എസ്.എ/എ.എൽ.പി/ബി.പി / 531/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 05/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3) ഓഫീസ് കോപ്പി

നമ്പർ: കെ .എസ്.എ/എ.എൽ.പി/ബി.പി / 531/2022 തീയ്യതി: 05/07/2022

## ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ . ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീദേവി പി., ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ് വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മണി പ്രഭാകരൻ | പ്രസിഡന്റ് | 01-04-2020 | 11-08-2020 |
| ശ്രീ.മോനിഷ്.വി.ആർ | സെക്രട്ടറി | 01-04-2020 | 25-02-2021 |

| | | | |
|---|---|---|---|
| ശ്രീ.മധുസൂദനൻ.എസ് (ഇൻചാർജ്ജ് ) | സെക്രട്ടറി | 26-02-2021 | 26-02-2021 |
| ശ്രീ.ഫ്ളവിഷൽലാൽ | സെക്രട്ടറി | 27-02-2021 | 29-09-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി .റെയ്ച്ചൽ സോഫിയ അലക്സാണ്ടർ | കൃഷി അസ്സി. ഡയറക്ടർ, | 01-04-2020 | 31-03-2021 |
| ശ്രീമതി .ഷംല എം എസ് | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സലീഷ്യാ സജിനി കെ എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ .ശില്പ .യു .ജെ | സിഡിപിഒ | 01-04-2020 | 31-03-2021 |
| ഡോ.റൂബി | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശാന്തി.ആർ.പൈ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ആശ.ബി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി .സിന്ധു പി ഐ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 05-08-2020 |
| ശ്രീ ബിജു സുന്ദർ | പട്ടികജാതി വികസന ഓഫീസർ | 05-08-2020 | 22-02-2021 |
| ശ്രീ രാജേഷ് വി | പട്ടികജാതി വികസന ഓഫീസർ | 22-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 22-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 22-06-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 19-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 22-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം(എസിആർ പ്രകാരം)<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-9 |
| 11 | വാടക - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 19-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-10 |
| 12 | മരുന്നുകൾ ലഭ്യമാക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-11 |
| 13 | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-12 |
| 14 | കരപ്പുറോൽസവം - പദ്ധതി തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-13 |
| 15 | SCDO നടപ്പിലാക്കിയ പഠനമുറി പദ്ധതി-നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-14 |
| 16 | ട്രേഡ് ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം ചെലവ് നഷ്ടം<br>Written By: A.D.Beena (Asst. Audit Officer, On 19-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-15 |
| 17 | റിവോൾവിംഗ് ഫണ്ട് തിരികെ ഒടുക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 20-04-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-16 |

| | | |
|---|---|---|
| 18 | സഞ്ചരിക്കുന്ന പാൽക്കാരി<br>Written By: A.D.Beena (Asst. Audit Officer, On 19-04-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 1-17 |
| 19 | യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയത്- കുറവ് സംഭവിച്ചത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-18 |
| 20 | ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-19 |
| 21 | ബാരൽ വില ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-20 |
| 22 | യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1-21 |
| 23 | ഓഡിറ്റ് ഇംപാക്ട്-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-അധിക തുക തിരികെ ഈടാക്കി<br>Written By: Pushparaj V.K (Asst. Audit Officer, On 27-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 1- 22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ട്രേഡ് ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം ചെലവ് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 05-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 3-1 |
| 2 | ബാരൽ വില ഈടാക്കാത്തത് സംബന്ധിച്ച്- നഷ്ടം-10,116/-രൂപ<br>Written By: Pushparaj V.K (Asst. Audit Officer, On 05-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| | Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: P. Sreedevi (Audit Officer, On 23-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: Lakshmikanth P (Auditor, On 04-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: A.D.Beena (Asst. Audit Officer, On 22-04-2022)<br>Last Updated By: Lakshmikanth P (Auditor, On 05-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 22.02.2020 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 87,69,72,000 | 87,59,98,000 |
| വാർഷിക കണക്ക് പ്രകാരം | 6,33,94,484 | 6,02,81,884 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.21 | 15.07.21 |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/20-21 തീയതി.13.4.22)ലഭിച്ച മറുപടി ചുവടെ കൊടുക്കുന്നു.

1) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 7,80,931/-രൂപ നില നിൽക്കുന്നു. ഇത് 2017-18 കാലയളവിൽ ചെലവഴിച്ചതും വാർഷിക കണക്കിലെ ബാധ്യതയിൽ നിന്നും കുറവ് ചെയ്യാൻ വിട്ടുപോയിട്ടുള്ളതുമാണ്. 2021-22 വാർഷിക കണക്കിൽപ്പെടുത്തി പ്രസ്തുത തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകി.

2) ബി4 ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന തുകകൾ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ തുടരുന്നു. പ്രസ്തുത തുകകളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| Sl. No | Particulars | Current Year Amount |
|---|---|---|
| A | Centrally Sponsored Scheme-Integrated Waste Land Development Programe(IWDP)-Hariyali | 37,145 |
| B | Contributions For Joint Venture Projects(for Revenue Expenditure)-from Village Panchayats | 90,860 |

A) ഹരിയാലി(IWDP)യിലെ നീക്കിയിരുപ്പ് തുകയായ 37,145/- രൂപ 2012-13 സാമ്പത്തികവർഷം ലഭിച്ച 36,39,585/-രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച സമയത്ത് പലിശയിനത്തിൽ ലഭിച്ച തുകയാണ്. ആയതിൽ 36,39,487/-രൂപ ചെലവായതാണ്. 37,145/- രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്ന് മറുപടി നൽകി.

B) 90,860/-രൂപ IAY ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച തുകയാണെന്ന് മറുപടി നൽകി.

3) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2020-21 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ) റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ

ബി) റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ

സി) റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാകുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

തുടർന്നുള്ള വർഷങ്ങളിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

4) Punjab National Bank IAY Aroor ന്റെ അക്കൗണ്ടിൽ 2,22,18,855/- രൂപ നീക്കിയിരുപ്പ് ഉണ്ട്. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്ന് മറുപടി നൽകി.

5) RP-32 പ്രകാരമുള്ള ലോൺ വിവരങ്ങൾ കാണിക്കുന്ന ലോൺ രജിസ്റ്റർ, രേഖകൾ, വാർഷിക കണക്കിൽ

കാണിച്ചിട്ടുള്ള ഡെപ്പോസിറ്റ് (ബി7) വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടം പണിയുമായി ബന്ധപ്പെട്ട് ഫയലുകൾ നീക്കം ചെയ്തപ്പോൾ Misplace ആയതാണെന്നും, ആയവ കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി.

6) താഴെ ചേർക്കുന്ന ഫണ്ടിനങ്ങളുടെ ചെലവിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ട് | വാർഷിക കണക്ക് (RP-7)പ്രകാരം | ACR പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 35404820 | 35404820 | 34927909 |

2) ACR പ്രകാരം വികസനഫണ്ട് (ടി.എസ്.പി) യിൽ നീക്കിയിരുപ്പ് -87482. ആയതിന് മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,54,27,801 |
| വരവ് | 7,74,86,617 |
| ആകെ | 11,29,14,418 |
| ചെലവ് | 7,52,23,753 |
| നീക്കിയിരിപ്പ് | 3,76,90,665 |

## 1-4 ഗ്രാന്റ് വിനിയോഗം(എസിആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 3,99,17,814 | | 12,28,089 | 3,54,04,820 | 45,12,994 |
| വികസന ഫണ്ട് (എസ്.സി.പി.) | | 1,88,08,000 | | | 1,48,78,653 | 39,29,347 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 5,97,000 | | | 2,86,482 | 3,10,518 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | | - | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 71,72,712 | | 73,288 | 71,72,712 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 1,54,40,000 | | | 75,45,467 | 78,94,533 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 100 | 8,19,35,526 | 77 | 6,52,88,134 | 6 | 17 | 79.68 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പഞ്ചായത്തുകളിലേയും തെരഞ്ഞെടുത്ത തോടുകളുടെ ആഴംകൂട്ടലും ശുചീകരണത്തിനുമായി പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

2) മാലിന്യ സംസ്കരണത്തിന് ബെയ്ലിംഗ് മെഷീൻ

3) തുറവൂർ, കോടംതുരുത്ത് പഞ്ചായത്ത് തോടുകൾക്ക് ആഴംകൂട്ടി കല്ല്കെട്ട് ബ്ലോക്ക് വിഹിതം നൽകൽ

4) കമ്മ്യൂണിറ്റി കിച്ചനിലൂടെ ലഭ്യമാകുന്ന സൌജന്യ ഊണിനുള്ള ധനസഹായം

5) ബ്ലോക്ക് പഞ്ചായത്തിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ

6) കുത്തിയതോട് പഞ്ചായത്തിൽ ഐ.എച്ച്.ഡി.പി. കോളനി ടോയ്ലറ്റ് സൌകര്യം ഒരുക്കലും, അടിസ്ഥാന സൌകര്യ വികസനവും

7) വയലാർ വനിതാവ്യവസായ കേന്ദ്രത്തിന് ജി.ഐ.പൈപ്പ് ഉപയോഗിച്ച് ചുറ്റുമതിൽ

8) ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിന് ട്രെസ്സ് വർക്കും സ്റ്റെയർകെയ്സും

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.04.2022-ന് സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് കണ്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് വൗച്ചറുകൾ കൃത്യമായി നമ്പരിട്ടു സൂക്ഷിക്കുന്നില്ല. പല വൗച്ചറുകളും പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.
2. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നത് നിയമാനുസൃത നടപടിയിലൂടെയല്ല.
3. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമില്ല.
4. ബ്ലോക്ക് പഞ്ചായത്തിൽ പണം സൂക്ഷിപ്പിക്കുന്നതിന് ഇൻഷുറൻസ് കവറേജില്ല.
5. ബ്ലോക്ക് പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളായ ബിൽ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
6. വരവിനങ്ങളുടെ വാർഷിക ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. വാടകരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അതിൽ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വാടക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കമ്യൂണിറ്റിഹാൾ വാടകയിനത്തിലെ വരവിന്റെ രേഖപ്പെടുത്തൽ 12.7.19 വരെ മാത്രമാണുള്ളത്. തുടർന്ന് രേഖപ്പെടുത്തൽ ഇല്ല. രജിസ്റ്റർ പ്രകാരം കമ്യൂണിറ്റിഹാൾ ആഡിറ്റോറിയം ആയി ഉപയോഗിക്കുന്നതിന്റെ വാടക 9,000/- രൂപയാണ്. വാടകയിൽ വർഷം തോറും നിശ്ചിത

നിരക്കിൽ വർദ്ധനവ് വരുത്തുന്നില്ല. ആഡിറ്റോറിയം വാടകയ്ക്കെടുക്കുന്നവർ അടവാക്കുന്ന തുക, രശീത് നം എന്നിവയുടെ വിവരങ്ങൾ പൂർണ്ണമായും വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/19.4.22), കമ്യൂണിറ്റിഹാൾ വാടകയിനത്തിൽ 9,000/-രൂപയും സെക്യൂരിറ്റിയിനത്തിൽ 3,000/-രൂപയുമാണ് നിലവിൽ വാങ്ങിച്ചുവരുന്നത്. ഹാൾ ഉപയോഗിച്ചശേഷം നഷ്ടം ഒന്നും ഉണ്ടായിട്ടില്ലെങ്കിൽ സെക്യൂരിറ്റി തുക തിരികെ നൽകും. വാടകയിൽ വർഷംതോറും വർദ്ധനവ് വരുത്തുന്നില്ല. 22.2.22 തീയതിയിലെ 1(2) നം. തീരുമാനപ്രകാരം വാടക വാങ്ങിക്കുന്നതുമായി ബന്ധപ്പെട്ട് വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു ബൈലോ കമ്മറ്റി രൂപീകരിച്ച് ബൈലോ തയ്യാറാക്കി വരുന്നു. വാടക രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കൃത്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മറുപടിയിൽ പരാമർശിച്ചവ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 മരുന്നുകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നമ്പർ | പാലിയേറ്റീവ് കെയർ സെക്കണ്ടറി ലവൽ.(പ്രോജക്ട് നം.S0051/21) |
| അടങ്കൽ | 7,00,000 |
| ചെലവ് | 6,99,997 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പാലിയേറ്റീവ് പ്രവർത്തകരുടെ ഭക്ഷണച്ചലവ്, വാഹനവാടക, മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങുന്നതിനായി 1 മുതൽ 60 വരെയുള്ള ബില്ലുകൾ പ്രകാരം ആകെ 699997 രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം.12/20-21/15.09.20 പ്രകാരം 1,89,054 രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ- ൽ നിന്ന് 1,14,061 രൂപയുടെ മരുന്നുകൾ (പ്രഫോർമ ഇൻവോയിസ് നം.1982), 74,993 രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ (പ്രഫോർമ ഇൻവോയിസ് നം. 1981)എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നാളിതുവരെ 1,14,061 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല എന്നു കാണുന്നു. ടി മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/20-21/12.04.22) ലഭ്യമാക്കിയ മറുപടിയിൽ ടി മരുന്നുകൾ നിരന്തരം ആവശ്യപ്പെട്ടിട്ടും അവ സ്റ്റോക്കില്ല എന്നതിനാൽ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

ഗുരുതരരോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന കിടപ്പുരോഗികൾക്ക് പാലിയേറ്റീവ് ചികിൽസ നൽകുക എന്ന അതീവപ്രാധാന്യമുള്ള പദ്ധതിക്കായി വാങ്ങാൻ തീരുമാനിച്ച മരുന്നുകൾ നാളിതുവരെ ലഭ്യമാക്കാത്തത് അംഗീകരിക്കാവുന്നതല്ല. തുക മുൻകൂർ നൽകുന്നതിനു മുൻപായി ആവശ്യമായ മരുന്നുകൾ ടി സ്ഥാപനത്തിൽ സ്റ്റോക്കുണ്ടോ എന്ന് അന്വേഷിക്കാവുന്നതും സ്റ്റോക്കില്ലാത്ത പക്ഷം ടി. മരുന്നുകൾ മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് പദ്ധതിമാർഗ്ഗരേഖകൾക്കനുസൃതമായി വാങ്ങുവാൻ തീരുമാനമെടുക്കാവുന്നതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ സാധിക്കുന്നതാണ്. അടിയന്തിരപ്രാധാന്യമുള്ള ചികിൽസാപദ്ധതിക്കു വേണ്ടി ചെലവഴിക്കാൻ അനുവദിച്ച പദ്ധതിപ്പണം കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിനു നൽകിയതിന്റെ അടുത്ത സാമ്പത്തികവർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ അവ ലഭ്യമാക്കി ആയതിന്റെ സ്റ്റോക്ക് വിവരങ്ങൾ, മറ്റ് രേഖകൾ എന്നിവ ഹാജരാക്കുന്നതുവരെ ടി മരുന്നുകൾക്കായി മേൽ സൂചിപ്പിച്ച പ്രകാരം കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിനു നൽകിയ 1,14,061 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും അവയുടെ ചെലവു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര്. | അടങ്കൽ | ചെലവ്- | അപാകത | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|
| സാമൂഹ്യസുരക്ഷാമിഷനു ധനസഹായം (പ്രോജക്ട് നം.4/21) | 10,00,000 (വികസന ഫണ്ട് -ജനറൽ) | 1000000 (ബിൽ നം. 30/20-21 /13.07.20) | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 10,00,000 |
| ഐ.കെ.എം-ന് പ്രവർത്തനഫണ്ട് നൽകൽ. (നം. S0002/21) | 75,000 (വികസന ഫണ്ട് ജനറൽ) | 67034. ബിൽ നം.29/20-21 /13.07.20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 67,034 |
| പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ.(നം. S0008/21)(Dep.work) | 15,00,000 (CFC) | 780000- ബിൽ നം.34/20-21 /16.09.20- | എക്സിക്യൂട്ടീവ് എൻജിനീയർ, പി.എച്ച് ഡിവിഷൻ, ആലപ്പുഴയ്ക്ക് തുക നൽകി. പ്രവൃത്തിയുടെ പൂർത്തീകരണസർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 7,80,000 |
| അഗതി ആശ്രയ പദ്ധതിക്ക ഗ്രാമപഞ്ചായത്തുവിഹിതം (പ്രോജക്ട് നം.3/21) | 4,55,000 (വികസന ഫണ്ട് -ജനറൽ) | 4,37,480 | ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 4,37,480 |

ടി വിഷയം സംബന്ധച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(നം.5/21)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ പ്രസ്തുത പദ്ധതികൾക്കായി നടത്തിയ 22,84,514 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 കരപ്പുറോൽസവം - പദ്ധതി തുക തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ/പേര് | കരപ്പുറോൽസവം(നം.7/21) |
|---|---|
| അടങ്കൽ | 4,46,000 (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 2,38,966 |
| ബിൽ നം./തീയതി. | തുക. |
| 27/20-21/13.07.20 | 88,966. |
| 32/20-21/26.08.20 | 60,000 |
| 41/20-21/7.10.20 | 30,000 |
| 44/20-21/23.10.20 | 30,000 |
| 58/20-21/29.03.21 | 30,000 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കരപ്പുറോൽസവം പദ്ധതി പ്രകാരം കലാപ്രവർത്തകർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 6 കലാപ്രവർത്തകർക്ക് അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിമാസം 5,000 രൂപ വീതം അനുവദിച്ച പദ്ധതി പ്രകാരം കലാപരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ, ഹാജർ വിവരങ്ങൾ, വിദ്യാർത്ഥികളെ എപ്രകാരം തെരഞ്ഞെടുത്തു എന്ന വിവരങ്ങൾ, ക്ലാസ്സുകൾ എടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.2)മറുപടി ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ടി പദ്ധതി നടത്തിപ്പിനായി 20-21 സാമ്പത്തികവർഷം നടത്തിയ 2,38,966 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 SCDO നടപ്പിലാക്കിയ പഠനമുറി പദ്ധതി-നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| പ്രോജക്ട് നം./പേര് | എസ്.സി.വിദ്യാർത്ഥിനികൾക്ക് പഠനമുറി |
|---|---|
| അടങ്കൽ | 30,00,000 |
| ചെലവ് | 16,50,000 |

| | |
|---|---|
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

20-21 സാമ്പത്തികവർഷം പ്രോജക്ട് നമ്പർ 62/21 പ്രകാരം എസ്.സി. പെൺകുട്ടികൾക്ക് പഠനമുറിക്ക് ആനുകൂല്യം അനുവദിച്ചതിൽ ഏതാനും ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, വിലാസം | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | നാളിതുവരെ നൽകിയ തുക |
|---|---|---|---|
| 1 | ഐശ്വര്യ D/O സനിത<br>ഐശ്വര്യഭവൻ, എരമല്ലൂർ | 1,50,000 | 1.ബിൽ നം. 24/<br>20-21/5.01.21-50000<br>2.ബിൽ നം.76/21-22<br>/10.03.22-75000. |
| 2 | അളകനന്ദ കെ.ഡി.<br>D/O ദയാനന്ദൻ കെ.എ.,<br>കരാത്തറ, അരൂർ | 1,50,000 | 1.ബിൽ നം. 24/<br>20-21/5.01.21-50000<br>2.ബിൽ നം. 52/<br>20-21/26.02.21-50000.<br>3.ബിൽ നം. 1/<br>21-22/24.08.21-50000 |
| 3 | അഭിരാമി കെ.എം.<br>D/O മുരളീധരൻ കെ., കുന്നതറ, എഴുപുന്ന | 1,00,000 | 1.ബിൽ നം. 24/<br>20-21/5.01.21-50000<br>2.ബിൽ നം. 62/<br>20-21/29.03.21-50000. |

പദ്ധതി സംബന്ധിച്ച ഫയലുകളിൽ പഠനമുറിയുടെ നിർമ്മാണഘട്ടം വ്യക്തമാക്കുന്നതിനുള്ള ഫോട്ടോകൾ സൂക്ഷിച്ചിട്ടില്ല. വിവിധ പേരുകളിൽ മൂന്നു പ്രോജക്ടുകൾ പ്രകാരം പഠനമുറികൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.9/19.04.22 ന് മറുപടിയായി വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുവിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ ടി പദ്ധതിക്കായി 20-21 സാമ്പത്തികവർഷം നടത്തിയ 2,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി വിവരങ്ങൾ ഹാജരാക്കാത്ത പക്ഷം പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കിയില്ലെങ്കിൽ പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-15 ട്രേഡ് ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം ചെലവ് നഷ്ടം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് വൗച്ചർ പരിശോധനയിൽ വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം. / തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് (15%) | ചെക്ക്നം./ തീയതി |
|---|---|---|---|---|
| കേരളകൗമുദി | BLALP00068377/17.3.20 | 4,504 | 676 | 2921908/15.5.20 |
| കേരളകൗമുദി | BLALP00068389/20.3.20 | 4,504 | 676 | 2921908/15.5.20 |

| | | | | |
|---|---|---|---|---|
| ജനയുഗം | 2020030155/10.3.20 | 1,260 | 189 | 2509035/30.4.20 |
| | ആകെ | | 1541/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 1,541/-രൂപയുടെ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/18.4.22), അധികം നൽകിയ തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 1,541/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 റിവോൾവിംഗ് ഫണ്ട് തിരികെ ഒടുക്കിയില്ല

മൽസ്യസഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് 3,000 രൂപ നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകിയ പദ്ധതി നടത്തിപ്പിനായി 20 -21 സാമ്പത്തികവർഷം 14,10,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | മൽസ്യത്തൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ട് (നം.S0086/21) |
| അടങ്കൽ | 15,24,000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 14,10,000 |
| ബിൽ നം./തീയതി | തുക |
| 2/20-21/19.04.20 | 1,20,000 |
| 3/20-21/20.04.20 | 1,20,000 |
| 4/20-21/20.04.20 | 96,000 |
| 5/20-21/20.04.20 | 1,80,000 |
| 9/20-21/20.04.20 | 3,00,000 |
| 13/20-21/20.04.20 | 81,000 |
| 14/20-21/20.04.20 | 2,37,000 |
| 15/20-21/20.04.20 | 1,65,000 |
| 16/20-21/20.04.20 | 1,11,000 |
| നിർവ്വഹണം | സെക്രട്ടറി |

2019-20 സാമ്പത്തികവർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിയുടെ ഫയൽ പരിശോധിച്ചത് പ്രകാരം റിവോൾവിംഗ് ഫണ്ട് നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) വയലാർ-ചേർത്തല ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘത്തിലെ 105 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 3,15,000 രൂപ.

2) അഴീക്കൽ മൽസ്യത്തൊഴിലാളി സംഘത്തിലെ 398 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 11,94,000 രൂപ.

3) കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘത്തിലെ 30 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 90,000 രൂപ.

4) അരൂർ-എഴുപുന്ന ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘത്തിലെ 32 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 96,000 രൂപ.

5) തുറവൂർ വടക്ക് ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘത്തിലെ 37 മൽസ്യത്തൊഴിലാളികൾക്ക് 3,000 രൂപ വീതം 1,11,000 രൂപ.

ആകെ 602 മൽസ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്നതിനായി 19-20 സാമ്പത്തികവർഷം നടപ്പിലാക്കിയ 13/20 നം. പദ്ധതി പ്രകാരം ആകെ 18,06,000 രൂപയുടെ ബിൽ സമർപ്പിച്ചുവെങ്കിലും 14,10,000 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയതിനാൽ 20-21 സാമ്പത്തികവർഷമാണ് ടി തുക ചെലവു ചെയ്തിരിക്കുന്നത്.

ടി പദ്ധതിപ്രകാരം വിതരണം നടത്തിയ റിവോൾവിംഗ് ഫണ്ട് തിരികെ സെക്രട്ടറിയുടെ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയതിന്റെ രേഖകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അവ ലഭ്യമാക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/19-20/19.04.22) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളായ മൽസ്യത്തൊഴിലാളി സംഘം സെക്രട്ടറിമാർ കോവിഡ് പ്രതിസന്ധി മൂലം തുക തിരികെ ഒടുക്കുവാൻ സാവകാശം ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ഗുണഭോക്താവും പ്രതിമാസം 100 രൂപ വീതം 30 മാസം കൊണ്ട് തിരികെ ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് മൽസ്യത്തൊഴിലാളി സംഘം സെക്രട്ടറിമാർക്ക് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരികെ ഒടുക്കിയിട്ടില്ല. അടുത്ത സാമ്പത്തികവർഷം കൂടി കഴിഞ്ഞിട്ടും ഇത്രയും ഭീമമായ തുക

സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി 20-21 സാമ്പത്തികവർഷം പിൻവലിച്ച് നൽകിയ 14,10,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 സഞ്ചരിക്കുന്ന പാൽക്കാരി

പ്രോജക്റ്റ് നം. - S0018/21

പ്രോജക്റ്റിന്റെ പേര് - സഞ്ചരിക്കുന്ന പാൽക്കാരി

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഡയറി എക്സ്റ്റൻഷൻ ഓഫീസർ

വകയിരുത്തൽ

വികസനഫണ്ട് - 1,90,000

ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്) - 70,000

ആകെ അടങ്കൽ - 2,60,000

കറവക്കാരുടെ ക്ഷാമം പരിഹരിക്കുകയാണ് പ്രോജക്റ്റിന്റെ ലക്ഷ്യം.ക്ഷീര വികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത ക്ഷീരോൽപാദക സഹകരണസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരുടെ വീടുകളിൽ നേരിട്ട് ചെന്ന് പാൽ കറക്കുന്നു. ആയതിന് ക്ഷീരസഹകരണ സംഘങ്ങൾക്ക് നൽകാൻ കറവയന്ത്രം ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നു. ആസ്തി വാങ്ങുമ്പോൾ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണം.

പാറയിൽ ക്ഷീരോൽപാദക സഹകരണസംഘത്തിന് 89,975/- രൂപയും(ബിൽ നം.32/20-21/11.3.21), അത്രൂർ സെൻട്രൽ ക്ഷീരോൽപാദക സഹകരണസംഘത്തിന് 92,402/- രൂപയും(ബിൽ നം.35/20-21/27.3.21) നൽകി.

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) അംഗീകരിച്ച പ്രോജക്റ്റ് പ്രകാരം കറവയന്ത്രം ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങി ക്ഷീര സംഘങ്ങൾക്ക് നൽകണം. എന്നാൽ പാറയിൽ ക്ഷീരോൽപാദക സഹകരണസംഘം, അത്രൂർ സെൻട്രൽ ക്ഷീരോൽപാദക സഹകരണസംഘം എന്നീ 2 സംഘങ്ങൾ ടൂവീലർ, കറവയന്ത്രം എന്നിവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച്, തുടർനടപടികൾ സ്വീകരിച്ചിരിക്കുന്നു. ആയത് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

എ) പാറയിൽ ക്ഷീരോൽപാദക സഹകരണസംഘം നടത്തിയ വാങ്ങലുകൾ

| സ്ഥാപനം | ഇൻവോയ്സ് നം./തീയതി | ഇനം | തുക |
|---|---|---|---|
| മൂലയിൽ ഓട്ടോമൊബൈൽസ്, മങ്കൊമ്പ് | 135/29.1.21 | TVS XL-100 (ടൂവീലർ) | 65,726 |
| എം.ആർ.ഫീഡ്സ്, മാവേലിക്കര | 20-21/68/20.2.21 | Kamadhenu Mobile Milking Machine,Single Bucket, Without Petrl Engine | 54,240 |

ബി) അത്രൂർ സെൻട്രൽ ക്ഷീരോൽപാദക സഹകരണസംഘം നടത്തിയ വാങ്ങലുകൾ

| സ്ഥാപനം | ഇൻവോയ്സ്(ബിൽ) നം./തീയതി | ഇനം | തുക |
|---|---|---|---|
| മൂലയിൽ ഓട്ടോമൊബൈൽസ്, മങ്കൊമ്പ് | 152/13.3.21 | TVS XL-100 (ടൂവീലർ) | 66,203 |
| കാരവാൻ, ചേർത്തല | 318/8.3.21 | Milking Machine With Generator,one Bucket Etc | 57,000 |

കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകാൻ ലക്ഷ്യമിട്ട പ്രോജക്റ്റിൽ നിന്ന് ടൂവീലർ ,കറവയന്ത്രം എന്നിവയ്ക്കായി ബിൽ തുകയുടെ 75% നൽകി. നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ പ്രക്രിയയിലൂടെ നടത്തേണ്ട വാങ്ങലുകൾ ക്ഷീരസംഘം സെക്രട്ടറിമാർ ചെയ്തതിനും അംഗീകരിച്ച പ്രോജക്റ്റിലില്ല്ലാത്ത ടൂവീലർ വാങ്ങിയതിന് ധനസഹായം

നൽകിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/ .4.22), പ്രോജക്ടിൽ വിവരങ്ങൾ എൻ്റർ ചെയ്യുന്ന സമയത്ത് ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗത്ത് കറവയന്ത്രത്തിന്റെ കോഡ് മാത്രമാണ് ലഭിച്ചത്. പ്രസക്ത ഭാഗത്ത് എഡിറ്റിംഗ് നടത്താൻ പറ്റാത്തതിനാലാണ് ടൂവീലർ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താൻ സാധിക്കാതെ വന്നത്. നിർവ്വഹണ ഉദ്യോഗസ്ഥന് കോവിഡ് മജിസ്ട്രേറ്റ് ഡ്യൂട്ടി നിർവ്വഹിക്കേണ്ടിയിരുന്നതിനാലും കോടംതുരുത്ത് പഞ്ചായത്തിന്റെ വരണാധികാരി ആയിരുന്നതുകൊണ്ടും സമയബന്ധിതമായി പ്രോജക്ട് പൂർത്തീകരിക്കേണ്ടതുകൊണ്ടുമാണ് ക്ഷീരസഹകരണ സംഘത്തെ ക്വട്ടേഷൻ ക്ഷണിക്കാൻ ഏർപ്പെടുത്തിയതെന്നും മറുപടി ലഭ്യമാക്കി.പ്രോജക്ടിന്റെ ലക്ഷ്യം പൂർത്തീകരിച്ചതിന് മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. ആയതിനാൽ, പ്രോജക്ടിൽ ഉൾപ്പെടാത്ത ടൂ വീലർ വാങ്ങിയതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ നടപടികൾ ചെയ്യാതിരുന്നതിനും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 1,82,377/-(89975+92402)തടസ്സപ്പെടുത്തുന്നു.

## 1-18 യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയത്- കുറവ് സംഭവിച്ചത് സംബന്ധിച്ച്

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ കരാറുടമ്പടിയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഫൈൻ ഈടാക്കി കൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കാമെന്ന് പറഞ്ഞിരിക്കുന്നു. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള സപ്ലിമെന്ററി കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കു ശേഷമുള്ള ആദ്യ മൂന്നു മാസം കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വരുന്ന ഓരോ മൂന്നു മാസവും കരാർ തുകയുടെ 2% പിഴ ചുമത്തിക്കൊണ്ടും കാലാവധി നീട്ടി കൊടുക്കാം" എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ അനുവദിക്കപ്പെട്ട സമയത്തിനകം പ്രവർത്തി പൂർത്തികരിക്കാതിരുന്ന താഴെപ്പറയുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയപ്പോൾ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയതായി കാണുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | : 106 |
| പ്രോജക്ടിന്റെ പേര് | : എഴുപുന്ന പഞ്ചായത്ത് വാർഡ്-15 നരിയാണ്ടി ഫാം റോഡ് മെറ്റലിംഗും ടാറിംഗും |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.ജോസ് പി.വി. |
| പി.എ.സി | : 4,33,571.47/- രൂപ |
| ചെലവ് | : 4,85,495/- രൂപ (ജി.എസ്.റ്റി ഉൾപ്പെടെ)<br>(1. ട്രഷറി ബിൽ നം.38/18.04.2020- 248609/-<br>2. ട്രഷറി ബിൽ നം.4/10.11.2020- 236886/-) |
| എം.ബുക്ക് നം. | : 9/19-20 |
| എഗ്രിമെന്റ് നം. | : 04/AE/LSGD/PKD/2019-20 തീ.19.09.2019 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | 19.09.2019 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 18.03.2019 |
| പൂർത്തീകരിച്ച തീയതി | 04.09.2020 |
| കാല താമസം | 4 മാസം (25% കാലയളവ് അതായത് 90 ദിവസം ഫൈൻ ഒഴിവാക്കി കൊടുത്തിട്ടുണ്ട്) |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (3%) | : 433571.47x3%=13,007/-രൂപ |
| ഈടാക്കിയ ഫൈൻ | 7225 |
| കുറവ് | 5782 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.13തീ.19.04.2022) മറുപടി ലഭ്യമാക്കിയില്ല. ഉക കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഉക കരാറുകാരിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച്

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്നീ പദ്ധതികൾ പ്രകാരം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് (യു.റ്റി.ആർ) നമ്പർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ പേര് : പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

പ്രോജക്ട് നം. : 23

അടങ്കൽ : വികസന ഫണ്ട്- 2,63,500/-

ചെലവ് : 2,63,500/- (1.ബിൽ നം.12 തീ.27.03.2021-2,58,978/-രൂപ

2) ബിൽ നം.13 തീ.27.03.2021 -4,522/-രൂപ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|
| 1 | ജയ മേനോൻ | U000000856260670 | 1,020 |
| 2 | ശോഭന | U000000856260488 | 510 |
| 3 | മായ | U000000856260496 | 510 |
| 4 | ബാസ്റ്റിൻ ആന്റണി | U000000856260564 | 1,190 |
| 5 | ദീപ ശിവരാമൻ | U000000856260558 | 170 |
| 6 | സഞ്ജീവനി ജെ.എൽ.ജി | U000000856260436 | 2,720 |
| 7 | സസ്യ ജെ.എൽ.ജി | U000000856260440 | 1,870 |
| 8 | ഹരിത ജെ.എൽ.ജി | U000000856260790 | 850 |
| 9 | ലക്ഷ്മി ജെ.എൽ.ജി | U000000856260788 | 2,550 |
| | | ആകെ | 11,390 |

2) പ്രോജക്ട് നം.22/2021

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

അടങ്കൽ-വികസന ഫണ്ട്- 10,42,230/-രൂപ

ചെലവ്- വികസന ഫണ്ട്- 10,42,230/-രൂപ

(1. ബിൽ നം. 2 തീ.14.10.2020-3,34,730/-രൂ

2. ബിൽ നം. 3തീ.30.12.2020- 2,63,500/-രൂപ

3. ബിൽ നം. 4തീ.29.01.2021- 2,46,400/-രൂപ

4. ബിൽ നം. 7തീ.2602.2021- 1,97,600/-രൂപ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|
| 1 | വിഷ്ണു ആർ. | U000000818178248 | 340 |
| 2 | ഉമ ഡി. | U000000818178254 | 4,250 |
| | | ആകെ | 4,590 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീ.08.04.2022) കൃഷി അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

“പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ടി തുക ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് അറിയുന്നത് സൂചന ഓഡിറ്റ് എൻക്വയറി ലഭ്യമായതിനു ശേഷം മാത്രമാണ്. ഈ ഗുണഭോക്താക്കളാരും തന്നെ തുക ലഭ്യമാകാതിരുന്നതു സംബന്ധിച്ച് ഓഫീസിൽ അറിയിച്ചിരുന്നില്ല. ആയതിനാലാണ് ഇത് പരിഹരിക്കാൻ കഴിയാതെ പോയതെന്നും അറിയിച്ചു”.

ട്രഷറി ഡയറക്ടറുടെ 08.12.2021-ലെ 22-ാം നമ്പർ (നം.TRY/1209/2020/E1) സർക്കുലറിൽ ട്രഷറിയിൽ നിന്നും ബിൽ

മുഖാന്തിരം മാറുന്ന തുകകൾ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതിരുന്ന തുക അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ലഭ്യമാവാനുള്ള സാഹചര്യമില്ലായെന്ന് കാണുന്നു. ഭാവിയിൽ ഇത്തരത്തിൽ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വരുന്ന തുകകൾ യഥാസമയം ട്രഷറി അധികാരികളെ അറിയിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ബാരൽ വില ഈടാക്കാത്തത് സംബന്ധിച്ച്

2020-21 സാമ്പത്തിക വർഷം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ്<br>ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|---|
| 1 | 105/<br>പട്ടണക്കാട് പഞ്ചായത്ത് വി.ആർ.ഹരിദാസ് പള്ളാത്തറ റോഡ് മെറ്റലിംഗും ടാറിംഗും | ശ്രീ.പി.എസ്.സുനിൽകുമാർ | 3,653/-രൂപ (13ബാരൽx281) | 10,38,272<br>(ട്രഷറി ബിൽ നം.1 തീ.29.05.2020) |
| 2 | 41/<br>വയലാർ പഞ്ചായത്ത് തൊയിലിയേഴത്ത് കോളനി റോഡ് മെറ്റലിംഗ് & റീ ടാറിംഗ് | ശ്രീ.സി.എ.ബഷീർ | 3,934/-രൂപ (14ബാരൽx281) | 4,99,989<br>(ട്രഷറി ബിൽ നം.14 തീ.24.03.2021) |
| 3 | 106/<br>എഴുപുന്ന പഞ്ചായത്ത് വാർഡ്-15 നരിയാണ്ടി ഫാം റോഡ് മെറ്റലിംഗും ടാറിംഗും | ശ്രീ.ജോസ് പി.വി. | 2,529/-രൂപ (9ബാരൽx281) | 4,85,495/- രൂപ (ജി.എസ്.റ്റി ഉൾപ്പെടെ)<br>(1. ട്രഷറി ബിൽ നം.38/18.04.2020- 2,48,609/-<br>2. ട്രഷറി ബിൽ നം.4/10.11.2020- 2,36,886/-) |

മേൽ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 10,116/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീ.19.04.2022)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 യഥാസമയം കരാറിലേർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന

പ്രവർത്തികളുടെ കരാറുകാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 14,360/- രൂപ നഷ്ടപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1.പ്രോജക്ട് നം. | : 124 |
| പ്രോജക്ടിന്റെ പേര് | : പട്ടണക്കാട് പഞ്ചായത്ത് വാർഡ്-2 ചാലിപ്പുറം റെയിൽവേ സ്റ്റേഷൻ റോഡ് ഫോർമേഷൻ |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.അരവിന്ദ് എൻ.എ. |
| എഗ്രീഡ് പി.എ.സി | : 4,46,235/- രൂപ |
| ചെലവ് | 4,87,293/- രൂപ (ജി.എസ്.റ്റി ഉൾപ്പെടെ)<br>(ട്രഷറി ബിൽ നം.18/30.03.2021- 71,348/-) |
| സെലക്ഷൻ നോട്ടീസ് നം./തീ | നം.പി.കെ.ഡി-5/20-21 തീ.15.02.2021 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | 23.02.2021 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : 26.02.2021 (16/AE/LID/EW/2020-21 തീ.26.02.2021) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : 446235x1% =4,462/- രൂപ |

| | |
|---|---|
| 2.പ്രോജക്ട് നം. | : 106 |
| പ്രോജക്ടിന്റെ പേര് | : എഴുപുന്ന പഞ്ചായത്ത് വാർഡ്-15 നരിയാണ്ടി ഫാം റോഡ് മെറ്റലിംഗും ടാറിംഗും |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.ജോസ് പി.വി. |
| എഗ്രീഡ് പി.എ.സി | : 4,33,571.47/- രൂപ |
| ചെലവ് | 4,85,495/- രൂപ (ജി.എസ്.റ്റി ഉൾപ്പെടെ)<br>(1. ട്രഷറി ബിൽ നം.38/18.04.2020- 2,48,609/-<br>2. ട്രഷറി ബിൽ നം.4/10.11.2020- 2,36,886/-) |
| സെലക്ഷൻ നോട്ടീസ് നം./തീ | നം.പി.കെ.ഡി-19/20 തീ.05.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ | 14.08.2019 |

| | | |
|---|---|---|
| ഏർപ്പെടേണ്ട അവസാന തീയതി. | | |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 19.09.2019 (04/AE/LSGD/PKD/2019-20 തീ.19.09.2019) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 433571.47x1% =4,336/- രൂപ |

| | | |
|---|---|---|
| 3.പ്രോജക്റ്റ് നം. | : | 92 |
| പ്രോജക്ടിന്റെ പേര് | : | കോടംതുരുത്ത് ഗവ വി.വി.എച്ച്.എസ്.എസ്-ന് ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമാണം |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ജയരാജ് ജെ. |
| എഗ്രീഡ് പി.എ.സി | : | 3,96,565/- രൂപ |
| ചെലവ് | | 4,44,147/- രൂപ (ജി.എസ്.റ്റി ഉൾപ്പെടെ)<br>(1. ട്രഷറി ബിൽ നം.16/18.04.2020- 2,29,359/-<br>2. ട്രഷറി ബിൽ നം.8/30.12.2020- 2,14,788/-) |
| സെലക്ഷൻ നോട്ടീസ് നം./തീ | | നം.പി.കെ.ഡി-86/19-20 തീ.19.08.2019 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 27.08.2019 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 31.08.2019 (02/AE/LSGD/PKD/2019-20 തീ.31.08.2019) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 396565x1% =3,966/- രൂപ |

| | | |
|---|---|---|
| 4.പ്രോജക്റ്റ് നം. | : | 37 |
| പ്രോജക്ടിന്റെ പേര് | : | അരൂർ പഞ്ചായത്ത് 21 വാർഡ് കളപ്പുരക്കൽവെളി പട്ടികവർഗ കോളനിയിൽ നടപ്പാത നിർമാണം |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ഫെബിൻ വി.ജി. |
| എഗ്രീഡ് പി.എ.സി | : | 1,59,594/- രൂപ |
| ചെലവ് | | 1,78,482/- രൂപ (ജി.എസ്.റ്റി ഉൾപ്പെടെ)<br>(ട്രഷറി ബിൽ നം.11/27.02.2021) |
| സെലക്ഷൻ നോട്ടീസ് നം./തീ | | നം.പി.കെ.ഡി19-20 (9) തീ.19.10.2020 |
| നോട്ടീസ് കൈപ്പറ്റിയ തീയതി | | കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | 30.10.2020 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 07.01.2021(02/AE/LSGD/PKD/2019-20 തീ.07.01.2021) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 159594x1% =1,596/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീ.19.04.2022)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1- 22 ഓഡിറ്റ് ഇംപാക്റ്റ്-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-അധിക തുക തിരികെ ഈടാക്കി

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി എന്ന പദ്ധതി പ്രകാരം അംബികാഭായി എന്ന ഗുണഭോക്താവിന് 2,550/-രൂപ അധികമായി നല്കിയിരുന്നു.(സർക്കാർ ഉത്തരവ് കൈ(നം).22/2018/ത.സ്വ.ഭ.വ തീ.14.02.2018 ഖണ്ഡിക 2.12.1 പ്രകാരം രണ്ട് ഹെക്ടറിലധികം നെൽക്രൃഷി നടത്തി വരുന്ന കർഷകർക്കും രണ്ട് ഹെക്ടർ വരെയുള്ള നെൽക്രൃഷിക്ക് നല്കി വരുന്ന എല്ലാ ആനുകൂല്യങ്ങളും നല്കാവുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. മേൽ ഉത്തരവിലെ ഖണ്ഡിക 6.1.6 പ്രകാരം കൂലിച്ചെലവിന് പരമാവധി അനുവദനീയമായ സബ്സിഡി ഹെക്ടറിന് 17,000/-രൂപയാണ്. രണ്ട് ഹെക്ടറിന് അനുവദനീയമായ പരമാവധി സഹായം 34,000/-രൂപയാണ്. ഈ ഗുണഭോക്താവിന് 36,550/-രൂപ നല്കിയിരുന്നു). അധികമായി നല്കിയ തിരികെ ഈടാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് അധിക തുക (2,550/-രൂപ) വികസന ഫണ്ടിൽ തിരികെ ഒടുക്കി ചേർത്തല സബ് ട്രഷറിയിൽ നിന്നുള്ള ചെലാൻ ഹാജരാക്കി. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ട്രേഡ് ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം ചെലവ് നഷ്ടം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് വൗച്ചർ പരിശോധനയിൽ വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | ചെക്ക് നം./ തീയതി |
|---|---|---|---|---|
| കേരളകൗമുദി | BLALP00068377/17.3.20 | 4504 | 676 | 2921908/15.5.20 |
| കേരളകൗമുദി | BLALP00068389/20.3.20 | 4504 | 676 | 2921908/15.5.20 |
| ജനയുഗം | 2020030155/10.3.20 | 1260 | 189 | 2509035/30.4.20 |
| | ആകെ | | 1541/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 1,541/-രൂപയുടെ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/18.4.22), അധികം നൽകിയ തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 1,541/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 ബാരൽ വില ഈടാക്കാത്തത് സംബന്ധിച്ച്- നഷ്ടം-10,116/-രൂപ

2020-21 സാമ്പത്തിക വർഷം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ്<br>ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|---|
| 1 | 105<br>പട്ടണക്കാട് പഞ്ചായത്ത് വി.ആർ.ഹരിദാസ് പള്ളാത്തറ റോഡ് മെറ്റലിംഗും ടാറിംഗും | ശ്രീ.പി.എസ്.സുനിൽകുമാർ | 3,653/-രൂപ (13ബാരൽx281) | 10,38,272<br>(ട്രഷറി ബിൽ നം.1 തീ.29.05.2020) |
| 2 | 41<br>വയലാർ പഞ്ചായത്ത് തൊയിലിയേഴത്ത് കോളനി റോഡ് മെറ്റലിംഗ് & റീ ടാറിംഗ് | ശ്രീ.സി.എ.ബഷീർ | 3,934/-രൂപ (14ബാരൽx281) | 4,99,989<br>(ട്രഷറി ബിൽ നം.14തീ.24.03.2021) |
| 3 | 106<br>എഴുപുന്ന പഞ്ചായത്ത് വാർഡ്-15 നരിയാണ്ടി ഫാം റോഡ് മെറ്റലിംഗും ടാറിംഗും | ശ്രീ.ജോസ് പി.വി. | 2,529/-രൂപ (9ബാരൽx281) | 4,85,495/- രൂപ (ജി.എസ്.റ്റി ഉൾപ്പെടെ)<br>(1. ട്രഷറി ബിൽ നം.38/18.04.2020- 2,48,609/-<br>2. ട്രഷറി ബിൽ നം.4/10.11.2020- 2,36,886/-) |

മേൽ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 10,116/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീ.19.04.2022)മറുപടി ലഭ്യമാക്കിയില്ല. ടി തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 34/20-21 /16.9.20 | 7,80,000 | 0 | 7,80,000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് നം./തീയതി | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | പലിശ | വർഷാവസാനം | റിമാർക്സ് |
|---|---|---|---|---|---|---|---|

| പേര് | | തുക | തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തിരിച്ചടച്ച തുക: മുതൽ | | തിരിച്ചടക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | സ.ഉ.(എം.എസ്)നം.310/2008 ത.സ്വ.ഭ.വ 22.11.2008 | 0 | 12,28,089 | 12,28,089 | | - | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 0-7 | 0 | 0 | പട്ടിക വർഗ്ഗ കോളനി മണ്ണിട്ടുയർത്തൽ. | ഒഴിവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസ്സാക്കി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,74,86,617 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 7,52,23,753 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 11,657/-- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 44,79,918/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 1,541/- | ശ്രീ.വി.ആർ.മോനിഷ്, സെക്രട്ടറി |
| 3-2 | | 10,116/- | ശ്രീ.സലിഷ്യ സജിനി കെ.എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 11,657/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1,14,061 | ഡോ.ആർ.റൂബി മെഡിക്കൽ ഓഫീസർ |
| 1-12 | 22,84,514 | ശ്രീ.വി.ആർ.മോനിഷ്, സെക്രട്ടറി |
| 1-13 | 2,08,966 | ശ്രീ.വി.ആർ.മോനിഷ്, സെക്രട്ടറി |
| 1-13 | 30,000 | ശ്രീ.ഫ്ളവിഷൽലാൽ, സെക്രട്ടറി |

| | | |
|---|---|---|
| 1-14 | 2,50,000 | ശ്രീ.രാജേഷ് വി., പട്ടികജാതി വികസന ഓഫീസർ |
| 1-16 | 14,10,000 | ശ്രീ.വി.ആർ.മോനിഷ്, സെക്രട്ടറി |
| 1-17 | 1,82,377 | ശ്രീമതി ആശ ബി., ക്ഷീരവികസന ഓഫീസർ |
| ആകെ | 44,79,918 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര് | സ്ഥിര മേൽവിലാസം | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം |
|---|---|---|
| ശ്രീ.വി.ആർ.മോനിഷ്, സെക്രട്ടറി | ഗിരിഭവൻ, പാരിപ്പള്ളി പി.ഒ., കൊല്ലം | സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, കെ.പി.എസ്.സി, തിരുവനന്തപുരം |
| ശ്രീ.ഫ്ളവിഷൽലാൽ, സെക്രട്ടറി | ഗീതാഞ്ജലി, പാലസ് റോഡ്, നോർത്ത് പറവൂർ - 683513 | ബി.ഡി.ഒ, മുല്ലശ്ശേരി ബ്ലോക്ക് |
| ശ്രീമതി സലീഷ്യാ സജിനി കെ.എ., അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല. | റിട്ടയേർഡ് |
| ഡോ.റൂബി, മെഡിക്കൽ ഓഫീസർ | സി.എം.സി.30, കൃഷ്ണഗായത്രി, ചേർത്തല | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, ഉറവൂർ |
| ശ്രീമതി ആശ ബി., ക്ഷീരവികസന ഓഫീസർ | കാരികാട്ടിൽ, തൈക്കാട്ടുശ്ശേരി പി.ഒ., ചേർത്തല 688528 | ക്ഷീരവികസന ഓഫീസർ, ക്ഷീരവികസന ഓഫീസ്, മിനിസിവിൽ സ്റ്റേഷൻ, ചേർത്തല |
| ശ്രീ.രാജേഷ് വി., പട്ടികജാതി വികസന ഓഫീസർ | വെളിയിൽ ഹൌസ്, അവലൂക്കുന്ന് പി.ഒ., ആലപ്പുഴ-688006 | സി.പി.ഒ എസ്.സി.ഡി.ഡി അയ്യങ്കാളി ഭവൻ, കവടിയാർ പി.ഒ., തിരുവനന്തപുരം - 695003 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 18.03.2014 |
| 2002-2003 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2003-2004 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2005-2006 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2006-2007 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി : 21.03.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ.ബി.പി-533/13/19.10.2013 |
| 2012-2013 | എൽ.എഫ്.എ.ബി.പി-246/15/4.03.15/9.04.2015 |
| 2013-2014 | കെ.എസ്.എ-എ.പി.ബി.പി/1206/16 തീയതി : 03.04.2017 |

| | |
|---|---|
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി.ബി.പി/1167/2016 തീയതി : 26.12.2016 |
| 2016-2017 | കെ.എസ്.എ-എ.എൽ.പി.ബി.പി./1372/2017 തീയതി : 08.11.2017 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി.ബി.പി./1469/2018 തീയതി : 06.10.2018 |
| 2018-2019 | കെ.എസ്.എ-എ.എൽ.പി.ബി.പി./872/2019 തീയതി : 09.10.2019 |
| 2019-2020 | കെ.എസ്.എ-എ.എൽ.പി.ബി.പി./530/2022/23.05.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്